# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 01.10.2023** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തെലങ്കാന സന്ദർശിക്കും. വിവിധ മേഖലകളിലായി പതിമൂവായിരം കോടി രൂപയുടെ  വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും.

   **Prime Minister Narendra Modi will visit Telangana today. He will initiate development projects worth Rs 13,000 crore in various sectors.**

2. രാജ്യത്ത് സ്വച്ഛതാ ഹി സേവയോടനുബന്ധിച്ചുള്ള മെഗാ ശുചീകരണ യജ്ഞത്തിന് തുടക്കം.  കേരളത്തിലും വിപുലമായ പരിപാടികൾ.

   **The mega cleanliness campaign in connection with Swachhta Hi Seva has started in the country. Extensive programs in Kerala.**

3. പരിമിതമായ സൗകര്യങ്ങൾ സമർഥമായി വിനിയോഗിക്കുന്നതിൽ പ്രതിരോധ മേഖലയുടെ പ്രവർത്തനം മാതൃകാപരമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defence Minister Rajnath Singh said that the work of the defence sector is exemplary in the efficient utilization of limited resources.**

4. നൈപുണ്യ വികസനത്തിന് പ്രാധാന്യം നല്കുന്നതുവഴി തൊഴിലവസരങ്ങളെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന് കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ.

   **Prioritising skill development can lead to utilization of employment opportunities better way , says minister for state V Muraleedharan.**

5. കേരളത്തിൽ വരും ദിവസങ്ങളിലും മഴ തുടരും. ഗോവ, കൊങ്കൺ മേഖലയിൽ ചുവപ്പ് ജാഗ്രത.

**Rain will continue in Kerala for the coming days. Red alert for Goa and Konkan region.**

6. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് 11-ാം സ്വർണം. ആകെ മെഡൽ നേട്ടം 41.

**Pre 11th gold for India in Asian Games. Total medal tally 41**

**********************************

# HEADLINE – 1

## TELANGANA- PM VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തെലങ്കാന സന്ദർശിക്കും. റോഡ്, റെയിൽ, അടിസ്ഥാനസൗകര്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യം, ഊർജ്ജം, വൈദ്യുതി എന്നീ മേഖലകളിലായി പതിമൂവായിരം കോടി രൂപയുടെ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. കൂടാതെ നിരവധി വികസന പദ്ധതികൾ ശ്രി മോദി രാജ്യത്തിന് സമർപ്പിക്കും.

**വിശദാംശങ്ങളിലേക്ക്....**

(വോയ്സ്)

*505 കോടി രൂപ ചെലവിൽ, മുനീറാബാദ് - മെഹബൂബ്നഗർ സെക്ഷനിൽ നിർമാണം പൂർത്തിയാക്കിയ ജെക്ലെർ - കൃഷ്ണ റെയിൽപാത പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിക്കും. ഇതിനു പുറമെ കച്ചിഗുഡ- റായ്ച്ചൂർ ഡെമു ട്രെയിൻ സർവീസ്, സുര്യപ്പെട്ട് - ഖമ്മം നാല് വരി പാത എന്നിവയുടെ ഉദ്ഘാടനവും ശ്രി മോദി നിർവഹിക്കും. 6400 കോടി രൂപയുടെ റോഡ് നിർമാണ പ്രവർത്തനങ്ങൾക്കും പ്രധാനമന്ത്രി തുടക്കം കുറിക്കും. 2661 കോടി രൂപ ചെലവിൽ നിർമിച്ച ഹസ്സൻ -ചാർലപ്പിള്ളി എൽ പി ജി പൈപ്പ് ലൈൻ നാടിന് സമർപ്പിക്കുന്ന ശ്രി മോദി ആന്ധ്രപ്രദേശിലെ കൃഷ്ണപട്ടണത്തേയും*

*ഹൈദെരാബാദിനെയും ബന്ധിപ്പിക്കുന്ന മൾട്ടി പ്രോഡക്റ്റ് പൈപ്പ് ലൈനിന്റെ ശിലാ സ്ഥാപനവും നിർവഹിക്കും. ഹൈദരാബാദ് കേന്ദ്ര സർവകലാശാലയിൽ 81 കോടി രൂപ ചെലവിൽ നിർമിച്ച നാല് കെട്ടിടങ്ങൾ ശ്രീ മോദി ഓൺലൈൻ ആയി ഉദ്ഘാടനം ചെയ്യും. മഹബൂബ്നഗറിൽ വൈകിട്ട് നടക്കുന്ന പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി നാളെ നിസാമാബാദ് സന്ദർശിക്കും.*

***ന്യൂസ് ഡെസ്ക്, ആകാശവാണി.........***

**********************************

## HEADLINE – 2 (a)

## SWACHHATA-EK GHANTA

രാജ്യമൊട്ടാകെ സ്വച്ഛ് ഭാരതിന്റെ ഭാഗമായുള്ള മെഗാ ശുചീകരണ യജ്ഞത്തിന് തുടക്കമായി. ശുചീകരണ പ്രവർത്തനങ്ങൾക്കായി രാവിലെ 10 മണിക്ക് രാജ്യം ഒത്തുചേരണമെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആഹ്വാന പ്രകാരം രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ബിജെപി അധ്യക്ഷൻ ജെപി നദ്ദ, കേന്ദ്രമന്ത്രിമാരായ ധർമേന്ദ്ര പ്രധാൻ, ഹർദീപ് സിംഗ് പുരി, മീനാക്ഷി ലേഖി, രാജീവ് ചന്ദ്രശേഖർ, മറ്റ് നേതാക്കളും ദേശീയ തലസ്ഥാനത്ത് സ്വച്ഛതാ അഭിയാനിൽ പങ്കെടുത്തു.

**********************************

## DAY SWACHHATA-EK GHANTA - 1

ഗാന്ധിജയന്തിക്ക് മുന്നോടിയായി ഇന്ന് മെഗാ ശുചിത്വ ഡ്രൈവിനായി ഒരു മണിക്കൂർ സമയം കണ്ടെത്താൻ പ്രധാനമന്ത്രി അഭ്യർത്ഥിച്ചിരുന്നു. വൃത്തിയുള്ള ഇന്ത്യക്കായി **ഒന്നാം തീയതി, ഒരു മണിക്കൂർ, ഒരുമിച്ച്** എന്ന പ്രധാനമന്ത്രിയുടെ ആഹ്വാനം ലോകത്തിലെ ഏറ്റവും വലിയ പരിശ്രമമായിരിക്കും. ഗ്രാമങ്ങളിലും നഗരങ്ങളിലും നിന്നുമായി ആറു ലക്ഷത്തി

നാൽപതിനായിരം സ്ഥലങ്ങൾ മെഗാ ശുചീകരണ യജ്ഞത്തിനായി തിരഞ്ഞെടുത്തതായി കേന്ദ്രമന്ത്രി ഹർദ്ദീപ് സിങ് പുരി അറിയിച്ചു. ശുചീകരണ യജ്ഞത്തിൽ ആദ്യമായി കര, നാവിക, വ്യോമസേനാ ഉദ്യോഗസ്ഥർ ജനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുമെന്നും ശ്രീ ഹർദ്ദീപ് സിങ് പുരി പറഞ്ഞു. പൊതുസ്ഥലങ്ങളായ കമ്പോളങ്ങൾ, റെയിൽവേ ട്രാക്കുകൾ, ജലാശയങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ സമൂഹത്തിന്റെ നാനാതുറകളിലുള്ള പൗരന്മാർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകും. ഒരു ലക്ഷത്തോളം പാർപ്പിട മേഖലകളിൽ സന്നദ്ധസേവനം നടത്താൻ നിരവധി സംഘടനകളും മുന്നോട്ട് വന്നിട്ടുണ്ട്.

**********************************

## HEADLINE – 2 (b)

## SWACHHATA-EK GHANTA - KERALA

ഗാന്ധിജയന്തിക്ക് മുന്നോടിയായി രാജ്യത്താകമാനം നടപ്പിലാക്കുന്ന ശുചീകരണ യജ്ഞമായ സ്വച്ഛതാ ഹി സേവയോടനുബന്ധിച്ച്, കേരളത്തിലും ശുചീകരണയജ്ഞം സംഘടിപ്പിച്ചു. തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയും സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷനും വിഴിഞ്ഞം തീരസുരക്ഷാ സേനയുടെ സഹകരണത്തോടെ കോവളം ലൈറ്റ് ഹൗസ് ബീച്ചിൽ സംഘടിപ്പിച്ച ശുചീകരണ യജ്ഞം പ്രമുഖ നടൻ വിവേക് ഗോപൻ ഉദ്ഘാടനം ചെയ്തു. പി.ഐ.ബി യിലേയും സി.ബി.സി യിലേയും ഉദ്യോഗസ്ഥരടക്കം പങ്കെടുത്തു. ചടങ്ങിന് പി.ഐ.ബി കേരള – ലക്ഷദ്വീപ് അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിചാമി നേതൃത്വം നൽകി. സ്വച്ഛതാ ഹി സേവയോട് അനുബന്ധിച്ച് ആകാശവാണി തിരുവനന്തപുരം നിലയത്തിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.

**********************************

## SWACHDA HI SEVA - KAVARATHI

തീരസുരക്ഷാ സേനയുടെയും, കവരത്തി ജില്ലാ ഭരണകൂടത്തിൻറെയും ആഭിമുഖ്യത്തിൽ ലക്ഷദ്വീപിൽ തീരദേശ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു. സ്വച്ഛ് ഭാരത് പ്രതിജ്ഞയോടെ കവരത്തി തീരത്ത് നടന്ന ശുചീകരണ പരിപാടികൾക്ക് ജില്ലാ കോസ്റ്റ് ഗാർഡ് കമാൻഡർ, കമാൻഡൻറ് ഹർപ്രീത് സിംഗ് മന്ദർ നേതൃത്വം വഹിച്ചു.

*********************************

## HEADLINE – 3

## RAJNATH SINGH

പരിമിതമായ സൗകര്യങ്ങൾ സമർഥമായി വിനിയോഗിക്കുന്നതിൽ പ്രതിരോധ മേഖലയുടെ പ്രവർത്തനം മാതൃകാപരമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ നടന്ന ഡിഫൻസ് അക്കൗണ്ട് ഡിപ്പാർട്ട്മെൻറ് ദിനാഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യക്തികൾ എന്ന നിലയിലും രാജ്യമെന്ന നിലയിലും ആവശ്യങ്ങൾക്ക് പരിമിതിയില്ലെങ്കിലും വിഭവങ്ങൾ പരിമിതമാണ്. ഈ സാഹചര്യത്തിൽ ലഭ്യമായ സൗകര്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുക എന്നതിനായിരിക്കണം ഊന്നൽ നൽകേണ്ടതെന്നും ശ്രീ രാജ്നാഥ് സിംഗ് വ്യക്തമാക്കി.

*********************************

## PARL AFFAIRS MINISTRY-SWACHHTA

സ്വച്ഛ്ത ഹി സേവാ പ്രചാരണ പരിപാടിയുടെ ഭാഗമായി പാർലമെൻററികാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിലും ഏക് തരീഖ് എക്ക് ഖണ്ട ഏക് സാഥ് അഥവാ ഒരു ദിവസം, ഒരു മണിക്കൂർ, ഏവരും ഒന്നിച്ച്, ശുചീകരണ ദൗത്യം സംഘടിപ്പിച്ചു.

*********************************

## NAVY SHIP RANVIJAY

30-ാമത് ഇന്ത്യ – സിംഗപ്പൂർ സമുദ്ര മേഖലാ അഭ്യാസമായ SIMBEX ൽ നാവികസേന കപ്പലുകളായ രൺവിജയ്, കവരത്തി, അന്തർവാഹിനിയായ ഐഎൻഎസ് സിന്ധുകേശരി, ദീർഘദൂര സമുദ്ര മേഖലാ നിരീക്ഷണ വിമാനമായ P8-ഐ എന്നിവ പങ്കെടുത്തു. കഴിഞ്ഞ മാസം 21 ന് നടന്ന ഉദ്ഘാടന പരിപാടിയിൽ ഇരു നാവിക സേനകളിലെയും ഉദ്യോഗസ്ഥർ പങ്കെടുത്തു.

**********************************

## ISRO

ഇന്ത്യയുടെ സൗര ദൗത്യം ആദിത്യ എൽ1, 9.2 ലക്ഷം കിലോമീറ്റർ സഞ്ചരിച്ച് ഭൂമിയുടെ ആകർഷണ വലയത്തിന് പുറത്തായി. ഇപ്പോൾ ഭൂമിയിൽ നിന്ന് 1.5 ദശലക്ഷം കിലോമീറ്റർ അകലെയുള്ള ലാഗ്രാഞ്ച് പോയിന്റ് ലക്ഷ്യമാക്കിയുള്ള പാതയിലാണെന്ന് ഐ.എസ്.ആർ.ഒ അറിയിച്ചു.

**********************************

## VOLUNTARY BLOOD DONATION DAY

ഇന്ന് ദേശീയ സന്നദ്ധ രക്തദാന ദിനം. ഒരു വ്യക്തിയുടെ ജീവിതത്തിൽ രക്തത്തിന്റെ ആവശ്യകതയും പ്രാധാന്യവും പങ്കുവെക്കുന്നതിനായാണ് എല്ലാ വർഷവും ഒക്ടോബർ 1-ന് ഇന്ത്യയിൽ ദേശീയ സന്നദ്ധ രക്തദാന ദിനം ആഘോഷിക്കുന്നത്.

**********************************

## TRAIN TIMING

ദക്ഷിണ റെയിൽവേയുടെ ട്രെയിൻ സമയക്രമത്തിൽ ഇന്നു മുതൽ മാറ്റം. കൊല്ലം ജംഗ്ഷൻ-ചെന്നൈ എഗ്മോർ, മധുരൈ-പുനലൂർ എക്സ്പ്രസ്സ്, മധുരൈ-തിരുവനന്തപുരം, എറണാകുളം-തിരുവനന്തപുരം വഞ്ചിനാട് തുടങ്ങിയ 34 ട്രെയിനുകളുടെ സമയത്തിലാണ് മാറ്റം വരുത്തിയത്. എൻ.ടി.ഇ.എസ്

മൊബൈൽ ആപ്പിലും വെബ്സൈറ്റിലും ട്രെയിനുകളുടെ പുതുക്കിയ സമയം ലഭ്യമാണ്.

*********************************

# HEADLINE – 4

## V. MURALEEDHARAN -KERALA

കേരളത്തിലെ കായിക-യുവജനകാര്യ മന്ത്രാലയവും നൈപുണ്യ വികസന - സംരഭകത്വ മന്ത്രാലയവും നെഹ്റു യുവകേന്ദ്രയും ചേർന്ന് വർക്കല ശിവഗിരി ഹയർസെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച തൊഴിൽ മേള കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം ചെയ്തു. രാജ്യത്ത് നിരവധി തൊഴിലവസരങ്ങൾ ഉണ്ടെന്നും അത്തരം അവസരങ്ങൾ ഉദ്യോഗാർത്ഥികളിലേക്ക് കൃത്യമായി എത്തിക്കാൻ തൊഴിൽമേളയ്ക്ക് സാധിക്കുമെന്ന് കേന്ദ്രസഹമന്ത്രി പറഞ്ഞു. നൈപുണ്യ വികസനത്തിന് കൂടുതൽ പ്രാധാന്യം നല്കുന്നതുവഴി തൊഴിലവസരങ്ങളെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്താൻ ആകുമെന്നും ശ്രീ. മുരളീധരൻ അഭിപ്രായപ്പെട്ടു.

*********************************

## MINI ICOP SAP

സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ ഒരുക്കിയ മിനി ICOP SAP പരിപാടിയുടെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ ഇന്ന് ഉച്ചകഴിഞ്ഞ് തിരുവനന്തപുരത്ത് നിർവഹിക്കും. നാളെ പൂജപ്പുര ശ്രീ ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയിൽ നടക്കുന്ന ശുചിത്വ യജ്ഞത്തിലും അദ്ദേഹം പങ്കെടുക്കും.

*********************************

## WORLD OLD AGE DAY

ഇന്ന് ലോക വയോജന ദിനം. പ്രായമായവരുടെ സംഭാവനകളെ ആദരിക്കുന്നതിനും അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

പരിശോധിക്കുന്നതിനുമായി ഐക്യരാഷ്ട്രസഭയുടെ പൊതുസഭയാണ് ഒക്ടോബർ 1 ലോക വയോജന ദിനമായി പ്രഖ്യാപിച്ചത്. "വയോജനങ്ങൾക്കായുള്ള അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തിലെ വാഗ്ദാനങ്ങൾ നിറവേറ്റുക : തലമുറകളിലൂടെ" എന്നതാണ് ഈ വർഷത്തെ വയോജന ദിനാചരണ പ്രമേയം.

*********************************

## HEADLINE – 5 (a)

## KERALA RAIN

കേരളത്തിൽ കനത്ത മഴ തുടരും. ഇന്ന് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ കർണ്ണാടക തീരത്ത് മീൻപിടുത്തത്തിന് വിലക്കേർപ്പെടുത്തി.

*********************************

## HEADLINE – 5 (b)

## IMD- GOA KONKAN

ഗോവ, കൊങ്കൺ മേഖലയിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ദക്ഷിണ കൊങ്കൺ പ്രദേശത്ത് ചില ഇടങ്ങളിൽ കനത്ത മഴയും ഉത്തര കൊങ്കണിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായ മഴയുമാണ് പ്രതീക്ഷിക്കുന്നത്. ഗോവയിൽ ഒറ്റപ്പെട്ടയിടങ്ങളിൽ കനത്ത മഴ തുടരുമെന്നും കാലാവസ്ഥ വകുപ്പ് അറിയിച്ചു.

*********************************

## HEADLINE – 6

## ASIAN GAMES

ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് പതിനൊന്നാം സ്വർണം. ഷൂട്ടിങ് ട്രാപ് ഇനത്തിൽ പുരുഷ ടീമാണ് സ്വർണം നേടിയത്. ക്യനാൻ ചെനായ്, പൃഥിരാജ്, സ്വറവാർ സിങ് എന്നിവരുൾപ്പെട്ട ടീമാണ് സ്വർണം നേടിയത്. ഷൂട്ടിംഗ്

ട്രാപ് ഇവന്റിൽ വനിതാവിഭാഗത്തിൽ മനീഷ കീർ, പ്രീതി രജക്ക്, രാജേശ്വരി കുമാരി എന്നിവർ അടങ്ങുന്ന ടീം വെള്ളികൊണ്ട് തൃപ്തിപ്പെട്ടു. വനിതകളുടെ ഗോൾഫിൽ ഇന്ത്യൻ താരം അതിഥി അശോക് വെള്ളി മെഡൽ സ്വന്തമാക്കി. ഇതോടെ ഏഷ്യൻ ഗെയിംസ് ഗോൾഫ് ചരിത്രത്തിൽ ഇന്ത്യയ്ക്കായി മെഡൽ നേടുന്ന ആദ്യ വനിതാ താരമായി അതിഥി. ഇന്ത്യയുടെ ആകെ മെഡൽ നേട്ടം 41 ആയി.

**********************************

## NT. MALDIVES ELECTION RESULT

മാൽദ്വീവ്സിന്റെ പുതിയ പ്രസിഡന്റായി മുഹമ്മദ് മുയിസു തിരഞ്ഞെടുക്കപ്പെട്ടു. നിലവിലെ പ്രസിഡന്റ് ഇബ്രാഹിം മുഹമ്മദ് സോലിഹിനെ ആണ് അദ്ദേഹം പരാജയപ്പെടുത്തിയത്. ശ്രീ മുയിസു 54 ശതമാനം വോട്ട് നേടി. 45-കാരനായ മുയിസു ഏഴുവർഷത്തോളം ഭവനമന്ത്രിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഡോ. മുഹമ്മദ് മുയിസുവിൻറെ സ്ഥാനലബ്ധിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന് അഭിനന്ദനം അറിയിച്ചു. ഇന്ത്യയും മാൽദ്വീവ്സും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനും ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സഹകരണം വർധിപ്പിക്കുന്നതിനും ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി ആശംസാ സന്ദേശത്തിൽ കുറിച്ചു.

************************************************

**********************************

***********************